പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2985 — 28.01.2014-ലെ മറുപടിക്ക്.

## വൈപ്പിൻ മണ്ഡലത്തിലെ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാരുടെ അലവൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ലൈബ്രറി കൗൺസിൽ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര ഗ്രന്ഥശാലകളാണ് വൈപ്പിൻ മണ്ഡലത്തിലുള്ളതെന്ന് വ്യക്തമാക്കുമോ ; | : എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ലൈബ്രറികളെ ഭരണപരമായ സൌകര്യാർത്ഥം ജില്ലാ ലൈബ്രറി, താലൂക്ക് ലൈബ്രറി എന്നിങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്. നിയമസഭാ മണ്ഡലം തിരിച്ച് ലൈബ്രറികളെ വിന്യസിച്ചിട്ടില്ല. വൈപ്പിൻ മണ്ഡലത്തിലുൾപ്പെടുന്ന കൊച്ചി താലൂക്കിൽ 36 ലൈബ്രറികളുണ്ട് |
| ബി) ലൈബ്രേറിയൻമാരായി പ്രവർത്തിക്കുന്നവർക്ക് അലവൻസ് നൽകുന്നുണ്ടെങ്കിൽ എത്രയെന്നും ഏത് കാലയളവുവരെ അലവൻസ് നൽകിയെന്നും വ്യക്തമാക്കാമോ ; | : (ബി) അലവൻസ് നൽകുന്നുണ്ട്. എ, ബി, സി, ഗ്രേഡിൽപ്പെട്ട ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്ക് 1,300/- രൂപ പ്രകാരം വാർഷിക അലവൻസ് 15,600/- രൂപയും ഡി, ഇ, എഫ് ഗ്രേഡിൽപ്പെട്ട ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്ക് 1,050/-രൂപ പ്രകാരം വാർഷിക അലവൻസ് 12,600/- രൂപയുമാണ്. 2012 - 13 വരെ അലവൻസ് നൽകിയിട്ടുണ്ട്. |
| (സി) ലൈബ്രേറിയൻമാർക്ക് ലഭിക്കുന്ന അലവൻസ് കുടിശ്ശിഖ വിതരണം ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ ; | : (സി) ലൈബ്രേറിയൻമാർക്ക് വാർഷിക അലവൻസ് കുടിശ്ശിഖയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) ലൈബ്രറികൾക്ക് നൽകുന്ന ഗ്രാന്റ് എത്ര നാളത്തെ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ ; ഗ്രാന്റ് കൃത്യസമയത്ത് നൽകുന്നതിനും, കുടിശ്ശിക വരുത്തിയ തുക ഒറ്റ തവണയായി നൽകുന്നതിനും നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ; | : (ഡി) & (ഇ) |
| (ഇ) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ? | ലൈബ്രറികൾക്ക് ഗ്രാന്റ് കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ ലൈബ്രറികൾക്ക് ഒറ്റ തവണയായാണ് ഗ്രാന്റ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ